# milma

## Malabar Regional Co-operative Milk Producers' Union Ltd.

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:15:MLP:56 29.03.2025

**സർക്കുലർ 1047/2025**

**വിഷയം :- അംഗസംഘങ്ങൾക്ക് അനുവദിച്ച അധിക പാൽ വില ഓഹരിയാക്കി മാറ്റുന്നതു സംബന്ധിച്ച്-**

**സൂചന :- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 29.03.2025 തിയ്യതിയിലെ 4/(GEN)/4-ാം നമ്പർ തീരുമാനം.**

മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ, 2025 മാർച്ച് 1 മുതൽ 31 വരെ മിൽമയിലേക്ക് നൽകുന്ന മുഴുവൻ പാലിനും ലിറ്ററിന് 4 രൂപ 50 പൈസ പ്രകാരം അധിക പാൽവിലയായി ക്ഷീരസംഘങ്ങൾക്ക് ക്ഷീര കർഷകർക്ക് കൈമാറുന്നതിലേയ്ക്കായി മിൽക്ക് ബില്ലിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. ആയതിനു പുറമെ അംഗ സംഘങ്ങൾ മേൽപ്പറഞ്ഞ കാലയളവിൽ മിൽമയ്ക്ക് നൽകിയ പാലളവിന് അനുസൃതമായി ലിറ്ററിന് 7 രൂപ 25 പൈസ തോതിൽ അധിക പാൽവില കൂടി അനുവദിക്കുന്നതിനും പ്രസ്തുത തുക മേഖലാ യൂണിയനിൽ അംഗ സംഘങ്ങളുടെ ഓഹരിയാക്കി മാറ്റുന്നതിനും മലബാർ മേഖലാ യൂണിയൻ ഭരണസമിതി തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. 2025 മാർച്ച് മാസത്തെ 6-ാമത്തെ മിൽക്ക് ബില്ലിലൂടെ പ്രസ്തുത തുക അംഗസംഘങ്ങളുടെ കണക്കിൽ ചേർക്കുന്നതാണ്. ഈ തുക ഓഹരിയാക്കി മാറ്റുന്നതിനുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഭരണസമിതി തീരുമാനം എല്ലാ അംഗ സംഘങ്ങളും 31.05.2025 നു മുമ്പായി പി & ഐ യൂണിറ്റുകൾക്ക് അയച്ച് കൊടുക്കേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ

യൂണിയന് പാൽ നൽകുന്ന എല്ലാ അംഗ സംഘങ്ങൾക്കും

പകർപ്പ് :

1. ജനറൽ മാനേജർ
2. സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട്ഡെയറി
3. എല്ലാ ഡെയറി മാനേജർമാർക്കും
4. മാനേജർ (പി ആന്റ് ഐ)
5. മാനേജർ (എം.ഐ.എസ് & എസ്)
6. മാനേജർ (ഫിനാൻസ്)
7. ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
8. പി&ഐ സബ് യൂണിറ്റ് മേധാവികൾ

(1–8) മേൽ നടപടികൾക്കായി

9. ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
10. ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
11. പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
12. പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
13. അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
14. www.mrcmpu.com/E-Stock Files

(9–14) അറിവിലേയ്ക്കായി

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. ★ No. D 89 (D) H.O. Calicut

**മലബാർ മേഖലാ യൂണിയനിൽ നിന്നും സംഘത്തിന് അനുവദിച്ച അധിക വില ഓഹരികളാക്കി മാറ്റുന്നത് സംബന്ധിച്ച തീരുമാനം**

.................................. ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ.................. ആപ്കോസ് ....................... ജില്ല .................. തീയ്യതിയിൽ ചേർന്ന ഭരണസമിതിയോഗ തീരുമാനം നമ്പർ ............. ന്റെ ശരിപകർപ്പ്.

അജണ്ട-മലബാർ മേഖലാ യൂണിയനിൽ നിന്നും സംഘത്തിന് അനുവദിച്ച അധിക വില ഓഹരികളാക്കി മാറ്റുന്നത് സംബന്ധിച്ച്

തീരുമാനം:-

.................................. ക്ഷീരോൽപാദക സഹകരണ സംഘം (അംഗത്വ നമ്പർ ........... ) മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയന് 01.03.2025 മുതൽ 31.03.2025 വരെ നൽകിയ പാലിന് ലിറ്ററിന് 7 രൂപ 25 പൈസ പ്രകാരം അനുവദിച്ച അധിക വില സംഘത്തിന്റെ പേരിൽ മേഖലാ യൂണിയനിൽ അധിക ഓഹരികളെടുക്കുന്നതിനും, 100 രൂപ മുഖവിലയുള്ള ഓഹരികളാക്കി സംഘത്തിന്റെ പാൽ വിലയിൽ നിന്ന് ഈടാക്കുന്നതിന് മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടറെ അധികാരപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ഒപ്പ് ........................
ശ്രീ/ ശ്രീമതി
(പ്രസിഡണ്ട്)

ഒപ്പ് .............................
ശ്രീ/ശ്രീമതി
സെക്രട്ടറി)

(സംഘം മുദ്ര)

ഒപ്പ് ......................
ശ്രീ/ശ്രീമതി
(ഭരണസമിതിയംഗം)

ഒപ്പ് .............................
ശ്രീ/ശ്രീമതി
(ഭരണസമിതിയംഗം)

സ്ഥലം:

തിയ്യതി: